**<u>മുതൽവൻ</u>**

ഒരു ദിവസത്തേയ്ക്ക് മുഖ്യമന്ത്രിയാകുന്ന സാധാരണക്കാരൻ. ഒറ്റവരിയിൽ തന്നെ കൗതുകമുണർത്തുന്ന പ്ലോട്ട്.

1999 ദിപാവലി റിലീസായി തിയറ്ററുകളിൽ നിറഞ്ഞോടിയ മുതൽവൻ എന്ന ഷങ്കർ ചിത്രം ഇരുപത് വർഷം തികച്ചിരിയ്ക്കുന്നു. ഷങ്കറിന്റെ മുൻചിത്രങ്ങളെപ്പോലെ അഴിമതിയും, അധികാരസ്ഥാനത്തിരിക്കുന്നവരുടെ അധികാരദുർവിനിയോഗവും മറ്റുമാണ് മുതൽവനിലും വിഷയമായത്. എന്നാൽ കൊമേർഷ്യൽ സിനിമയുടെ വർണ്ണങ്ങൾക്കും സംഘട്ടനങ്ങൾക്കും ഇടയിലൂടെ മനോഹരമായി രാഷ്ട്രീയം കൂട്ടിച്ചേർത്തു പറഞ്ഞപ്പോൾ മികവുറ്റ ഒരു പൊളിറ്റിക്കൽ ത്രില്ലർ സിനിമ ഒരുങ്ങുകയായിരുന്നു.

1998ൽ ഇറങ്ങിയ ജീൻസ് എന്ന മ്യൂസിക്കൽ ലവ് സ്റ്റോറിയക്ക് ശേഷം ഒരു പൊളിറ്റിക്കൽ ആക്ഷൻ ത്രില്ലർ ചെയ്യാൻ ഷങ്കർ തീരുമാനിക്കുകയായിരുന്നു. ഷങ്കറിന്റെ കഥയ്ക്ക് അദ്ദേഹം തന്നെ തിരക്കഥയും ഒരുക്കി. സംഭാഷണങ്ങൾ സുജാത. നൂറിലേറെ നോവലുകളും, ഇരുന്നൂറ്റിയമ്പതോളം ചെറുകഥകളും, ശാസ്ത്ര സംബന്ധിയായ പത്തോളം പുസ്തകങ്ങളും, ഇത് കൂടാതെ കവിതകളും, നാടകങ്ങളും എന്നിങ്ങനെ എഴുത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച സുജാതയുടെ തമിഴ് സിനിമയ്ക്കുള്ള സംഭാവനയും എടുത്തു പറയേണ്ടതാണ്. ഗായത്രി എന്ന സിനിമയിൽ തുടങ്ങി, കമലിൻറെ വിക്രം, മണി രത്നത്തിന്റെ റോജ, ഉയിരേ, കണ്ണത്തിൽ മുത്തമിട്ടാൽ, ആയുധഎഴുത്തു തുടങ്ങിയവയും, ഷങ്കറിന്റെ ഇന്ത്യൻ, ബോയ്സ്, അന്യൻ, ശിവാജി, എന്തിരൻ എന്നിവ കൂടാതെ കണ്ണെതിരെ തോന്ദ്രിനാൾ, കണ്ടുകൊണ്ടേൻ കണ്ടുകൊണ്ടേൻ, 12 B, ചെല്ലമെ, കൺകളാൽ കൈദ് സെയ്, ഉദയാ, ഉള്ളം കേൾക്കുമേ, ആനന്ദതാണ്ഡവം എന്നിവയ്ക്കും അദ്ദേഹം തൂലിക ചലിപ്പിച്ചു. ഇതിനു പുറമെ ഭാരതിയാരുടെ ബയോപ്പിക്കായ ഭാരതി നിർമ്മിക്കുകയും ചെയ്തു.

ഏറ്റവും കൗതുകകരമായ കാര്യം ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിൽ എഞ്ചിനീയർ ആയിരുന്ന അദ്ദേഹം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഡിസൈനിൽ നിർണായക പങ്ക് വഹിച്ചിരുന്നു, അതിനായി VASWIK അവാർഡും അദ്ദേഹത്തെ തേടിയെത്തി. 2008 February 27ന് അദ്ദേഹം അന്തരിച്ചു.

ശിവാജി ഗണേശന്റെ അമേരിക്കൻ സന്ദർശനത്തിന് ഇടയിൽ ആദരസൂചകമായി അദ്ദേഹത്തെ ഒരു ദിവസത്തേയ്ക്ക് നയാഗര ഫാൾസിന്റെ മേയറായി നിയമിച്ച വാർത്തയിൽ നിന്നും ആശയം ഉൾക്കൊണ്ടാണ് മുതൽവൻ ജന്മം കൊള്ളുന്നത്. ഇതിനോട് 1977 ൽ സംപ്രേക്ഷണം ചെയ്ത നിക്സൺ-ഫ്രോസ്റ്റ് കൂടിക്കാഴ്ചകളുടെ ആശയവും കൂടി കൂട്ടിച്ചേർത്തപ്പോൾ പുതുമയുള്ള ഒരവതരണവും കൈവന്നു.

പുകഴേന്തി എന്ന ടീവി ചാനൽ റിപ്പോർട്ടർ/ ക്യാമറാമാന് മുഖ്യമന്ത്രിയെ അഭിമുഖം ചെയ്യാൻ അവസരം ലഭിക്കുന്നിടത്തു നിന്നുമാണ് സിനിമ ഗൗരവം നേടുന്നത്. കൃത്യമായ ഹോംവർക്ക് ചെയ്തു കുറിക്കുകൊള്ളുന്ന ചോദ്യങ്ങളുമായി പുകഴേന്തി മുഖ്യനെ ഉത്തരം മുട്ടിക്കുന്നു. സ്വജനപക്ഷപാതം, ജാതിരാഷ്ട്രീയം തുടങ്ങിയ പലതിലും സർക്കാരിനുള്ള ഇരട്ടത്താപ്പ് പുകഴേന്തി ചോദ്യങ്ങളിലൂടെ അവതരിപ്പിക്കുന്നു. അഭിമുഖം അവസാനിപ്പിക്കാൻ മുഖ്യൻ ശ്രമിക്കുന്നെങ്കിലും പുകഴേന്തി വിട്ടുകൊടുക്കുന്നില്ല. അവസാനം മുഖ്യമന്ത്രിസ്ഥാനം എന്നത് ഒരു മുൾകിരീടം ആണെന്നും തന്റെ അവസ്ഥ മനസിലാക്കാൻ ഒരു ദിവസത്തേയ്ക്ക് മുഖ്യമന്ത്രി ആയി നോക്കാനും പുകഴേന്തിയെ വെല്ലുവിളിക്കുന്നു. ആദ്യം ഒഴിഞ്ഞു മാറുന്ന പുകഴേന്തി ഒടുവിൽ സമ്മതം മൂളുന്നു. ഒറ്റദിവസം കൊണ്ടെന്ത് സാധിക്കുമെന്ന പുച്ഛത്തോടെ മുഖ്യനും.

അധികാരമേൽക്കുന്നതും പുകഴേന്തി ജനങ്ങളുടെ പരിവേദനങ്ങൾ സമർപ്പിക്കാൻ ഒരു call line തുടങ്ങുന്നു. ജനങ്ങൾ ഫോൺ വിളിച്ചു പറയുന്ന ഓരോ പരാതികളായി പുകഴേന്തി ഏറ്റെടുക്കുന്നു. പരാതിയുമായി ബന്ധപ്പെട്ട് കുറ്റക്കാരെന്ന് തെളിയുന്നവർക്ക് on the spot

suspension ആണ് ശിക്ഷ. ഒറ്റയ്ക്ക് ഒറ്റയ്ക്ക് തുടങ്ങുന്ന കെടുകാര്യസ്ഥതയുടെ, അഴിമതിയുടെ അലകൾ ജീവനക്കാരുടെ കൂട്ടസസ്പെൻഷനും കടന്ന് MLA മാരും കടന്ന് അവസാനം മുഖ്യനിലേയ്ക്ക് വരെ നീളുന്നു. ഒറ്റദിവസമുഖ്യൻ അടുത്ത ഇലക്ഷന് കാരണമാകുന്നു. പുകഴേന്തി രാഷ്ട്രീയത്തിലേക്ക് വലിച്ചിഴക്കപ്പെടുന്നു. അയാളുടെ വ്യക്തിജീവിതവും അതിന്റെ കുരുക്കുകളിൽ പെടുന്നു. പുകഴേന്തി തന്റെ മുന്നിലെ കടമ്പകൾ/ പ്രത്യാഘാതങ്ങൾ എങ്ങനെ നേരിടുന്നു എന്നതാണ് കഥയുടെ തുടർച്ച.

രജനികാന്തിനെ മനസ്സിൽ കണ്ടായിരുന്നു പുകഴേന്തി എന്ന കഥാപാത്രം ഷങ്കർ എഴുതിയത്. പക്ഷേ തൻറെ രാഷ്ട്രീയ അരങ്ങേറ്റത്തെക്കുറിച്ചു ഉറച്ച തീരുമാനം എടുക്കാൻ കഴിയാതെ നിന്നിരുന്ന സൂപ്പർസ്റ്റാർ റോൾ നിരസിച്ചു. പിന്നാലെ ഷങ്കർ വിജയ് യെ സമീപിച്ചെങ്കിലും അദ്ദേഹവും റോൾ നിരസിക്കുകയായിരുന്നു. അടുത്തതായി കമലിനെ സമീപിച്ചെങ്കിലും അദ്ദേഹം ഹേ റാം എന്ന തൻറെ സംവിധാനസംരംഭവുമായി തിരക്കിലായിരുന്നു. അങ്ങനെ അവസാനം തൻറെ ആദ്യ ചിത്രത്തിലെ നായകൻ അർജുനെ തന്നെ നായകനാകാൻ വിളിക്കുകയായിരുന്നു. തേൻമൊഴിയായി മീനയെ ആലോചിച്ചിരുന്നെങ്കിലും അതേ സമയത്ത് റിഥം എന്ന സിനിമയിൽ അർജുനും മീനയും നായികാനായകന്മാരായി വരുന്നുണ്ട് എന്നത് കൊണ്ട് മനീഷയിലേയ്ക്ക് മാറുകയായിരുന്നു. ഇടയ്ക്ക് ഐശ്വര്യാ റായിയെ കാസ്റ്റ് ചെയ്യാനും ഷങ്കർ ശ്രമിച്ചിരുന്നു. പത്രപ്രവർത്തകയുടെ റോളിൽ ലൈല എത്തി, പുകഴേന്തിയുടെ മാതാപിതാക്കളായി കലൈറാണിയും, പ്രശസ്ത മ്യൂറലിസ്റ്റ് നടനവും എത്തി. വടിവേലു, മണിവണ്ണൻ, വിജയകുമാർ, കൊച്ചിൻ ഹനീഫ തുടങ്ങിയവരും അഭിനേതാക്കളായെത്തി.

സിനിമയിൽ വില്ലൻ വേഷമായ മുഖ്യമന്ത്രിയായി ഒരേ ഒരാളെയേ ഷങ്കർ മനസ്സിൽ കണ്ടിരുന്നുള്ളൂ. രഘുവരൻ. ബാഷയിലെ മാർക്ക് ആൻറണി എന്ന വില്ലൻ വേഷത്തിലൂടെ സൂപ്പർസ്റ്റാറിന്

വെല്ലുവിളിയുണർത്തിയ സൂപ്പർവില്ലൻറെ അസാധ്യമായ മറ്റൊരു പ്രകടനം.

വൈരമുത്തു എഴുതിയ പാട്ടുകൾക്ക് സംഗീതം പകർന്നത് എ ആർ റഹ്മാൻ. ആറ് പാട്ടുകളായിരുന്നു ചിത്രത്തിൽ. ഷക്കലക്ക ബേബി എന്ന ഐറ്റം സോംഗിൽ അഭിനയിച്ചത് സുസ്മിതാ സെന്നായിരുന്നു. ഈ തട്ടുപൊളിപ്പൻ പാട്ട് ഭാഷാതീതമായ വൻഹിറ്റായി മാറി. ഹിന്ദിയിൽ ചിത്രം നായക് എന്ന പേരിൽ ഷങ്കർ വീണ്ടും ചെയ്തപ്പോഴും , റഹ്മാൻ തന്റെ ബോംബെ ഡ്രീംസ് എന്ന ബ്രോഡ് വേ മ്യൂസിക്കലിലേയ്ക്കും കൊണ്ട് പോയപ്പോഴും പിന്നീട് കെല്ലി പൂണിൻറെ In the heart of the world എന്ന ആൽബത്തിൽ പുനവതരിപ്പിക്കപ്പെട്ടപ്പോഴും പാട്ട് കേൾവിക്കാരെ ആകർഷിച്ചു. അഴകാന രാക്ഷസിയേ, മുതൽവനേ, കുരുക്കു സിറുത്തവളെ, ഉപ്പ് കരുവാഡ്, ഉളുന്ത് വിതയ്ക്കയിലെ എന്നീ പാട്ടുകളും ഹിറ്റായി. ആദ്യദിവസം തന്നെ മൂന്നു ലക്ഷത്തിന് മുകളിൽ കാസ്സെറ്റ്/ സിഡി വിൽപ്പന നേടി പുതിയ റെക്കോർഡുകൾ തീർത്തു മുതൽവൻ. രഘുവരന്റെ വില്ലൻ വേഷത്തിൻറെ തീം മ്യൂസിക്കും ജനപ്രീതി നേടി.

രണ്ടു മണിക്കൂർ അമ്പത് മിനിറ്റായിരുന്നു സിനിമയുടെ ദൈർഘ്യം. നവംബർ 7, 1999 ന് ചിത്രം തിയറ്ററുകളിൽ എത്തി. പ്രേക്ഷകരേയും നിരൂപകരേയും സിനിമ തൃപ്തിപ്പെടുത്തി. ഇരുപതു കോടി ബഡ്ജറ്റിൽ നിർമ്മിച്ച ചിത്രം നൂറ്റമ്പതിന് മുകളിൽ ദിവസങ്ങൾ തിയറ്ററുകളിൽ നിറഞ്ഞോടി. നാൽപ്പത് കോടിയ്ക്കു മുകളിൽ വരുമാനവും നേടി ബ്ലോക്ക്ബസ്റ്ററായി. ചിത്രം തെലുങ്കിൽ Oke Okkadu എന്ന പേരിൽ മൊഴി മാറ്റിയെത്തി വിജയം നേടി.

റിലീസ് സമയത്ത് സിനിമ ചില വിവാദങ്ങളിൽ പെട്ടിരുന്നു. രഘുവരൻ അവതരിപ്പിച്ച മുഖ്യമന്ത്രിയുടെ സംസാരരീതിയും മറ്റും കാരണം അത് കരുണാനിധിയാണെന്നും സിനിമ വ്യംഗ്യമായി ഡിഎംകെ യുടെ ഭരണം AIADMK യുടെ ഭരണവുമായി തട്ടിച്ചു നോക്കി മോശമാണെന്നു വരുത്തി തീർക്കുകയാണെന്നുമായിരുന്നു വിവാദം.

തമിഴ്നാട്ടിൽ ഇങ്ങനായിരുന്നെങ്കിൽ ആന്ധ്രയിൽ ആളുകൾ സിനിമയുടെ ആശയം തിരിച്ചാണ് എടുത്തത്. സിനിമയിലെ നായകനിൽ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവിനെയാണ് ആളുകൾ കണ്ടത്. ഒറ്റദിവസം കൊണ്ട് ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന, ജനപിന്തുണയുള്ള, ജനപക്ഷത്തു നിൽക്കുന്ന പുകഴേന്തിയിൽ തങ്ങളുടെ മുഖ്യമന്ത്രിയെ തന്നെ അവർ കണ്ടു.

അവാർഡുകളും സിനിമയെ തേടിയെത്തി. മികച്ച നടൻ: അർജുൻ, മികച്ച വില്ലൻ: രഘുവരൻ, മികച്ച സംഗീത സംവിധാനം: A R റഹ്മാൻ എന്നിവയ്ക്ക് തമിഴ്നാട് സ്റ്റേറ്റ് അവാർഡുകൾ. മികച്ച സംഗീതസംവിധാനം : A R റഹ്മാൻ, മികച്ച ഗായിക: വസുന്ധര ദാസ്, മികച്ച നൃത്തസംവിധാനം : ചിന്നി പ്രകാശ് എന്നിവയ്ക്ക് ഫിലിം ഫെയർ അവാർഡുകളും.

2001ൽ അനിൽ കപൂറിനെ നായകനാക്കി ഷങ്കർ ചിത്രം ഹിന്ദിയിലേക്ക് റീമേക്ക് ചെയ്തു. ചിത്രം സാമ്പത്തികമായി പരാജപ്പെട്ടെങ്കിലും പിന്നീട് ടീവി സംപ്രേക്ഷണത്തിലൂടെ ജനപ്രിയമായി. പുനർസംപ്രേക്ഷണങ്ങളിലൂടെ ഒരു കൾട്ട് സ്റ്റാറ്റസ് തന്നെ സിനിമ കൈവരിച്ചിട്ടുണ്ട് ഇപ്പോൾ. ടീവി സംപ്രേഷണത്തിലൂടെ സൂപ്പർഹിറ്റായ മറ്റൊരു തെന്നിന്ത്യൻ റീമേക്കായ സൂര്യവംശം പോലെ നായകും, കൈരളി ടീവിയിൽ വല്യേട്ടൻ സ്ഥാപിച്ച റെക്കോർഡ് കൈക്കലാക്കാനുള്ള യത്നത്തിലാണ്.

കെ വി ആനന്ദ് ആയിരുന്നു സിനിമയുടെ ഛായാഗ്രാഹകൻ. ചെന്നൈ നിശ്ചലമാക്കുന്ന ട്രാഫിക് ബ്ലോക്ക് സീനാണ് തന്റെ കരിയറിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞതും തൃപ്തി നൽകിയതുമായി വർക്ക് എന്നാണ് ആനന്ദ് പറഞ്ഞിട്ടുള്ളത്. B ലെനിൻ, വി ടി വിജയൻ എന്നിവരായിരുന്നു എഡിറ്റിങ്. തോട്ട ധരണി ആയിരുന്നു ആർട്ട് ഡയറക്ടർ. കനൽ കണ്ണൻ സ്റ്റണ്ട്. പീറ്റർ ഹെയ്ൻ സ്റ്റണ്ട് ആർട്ടിസ്റ്റുകളിൽ ഒരാളായി എത്തി. പുകഴേന്തിയെ പെട്രോൾ ഒഴിച്ച് തീകൊളുത്തുന്ന

സീനിൽ അർജുന്റെ ബോഡി ഡബിൾ ആയെത്തിയത് പീറ്റർ ഹെയ്ൻ ആയിരുന്നു.

s ഫിലിംസ് ബാനറിൽ ഷങ്കറും മാതേഷും ചേർന്ന് നിർമ്മിച്ച ചിത്രം s ഫിലിംസ് തന്നെ വിതരണം ചെയ്തു.

ബ്രഹ്മാണ്ഡം എന്ന വാക്ക് തമിഴ് സിനിമയിൽ ഊട്ടിയുറപ്പിച്ച ഷങ്കറിന്റെ മാസ്സും ക്ലാസ്സും കൃത്യമായി ചേർത്തെടുത്ത സിനിമയായിരുന്നു മുതൽവൻ. രജനി, കമൽ എന്നീ വമ്പന്മാരില്ലാതെ തന്നെ, തമിഴിൽ നിന്നു മാത്രമായി നാല്പത് കോടിയ്ക്ക് മുകളിൽ നേടാൻ കഴിയുമെന്ന് കാണിച്ച് കൊടുത്തു, കൂടുതൽ ബ്രഹ്മാണ്ഡ ബഡ്ജറ്റ്കളിലേയ്ക്ക് നീങ്ങാൻ കരുത്തു പകർന്ന സിനിമ. രജനികാന്ത് പിന്നീട് ഷങ്കറുമായി ഒന്നിയ്ക്കാൻ ഹേതുവായ സിനിമ. ഇരുപത് വർഷങ്ങൾക്ക് ഇപ്പുറവും പ്രായമാകാത്ത ഒരു കൊമേർഷ്യൽ സിനിമ.

എഴുതിയത്: Sajan Ramanandan